**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5039** | **20-03-2025 - ൽ മറുപടിയ്ക്ക്**

**നരിപ്പറ്റ ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിനു സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നരിപ്പറ്റ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് വില കൊടുത്ത് വാങ്ങിയ ഭൂമി തൊഴിൽ വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | നരിപ്പറ്റ ഗ്രാമപഞ്ചായത്ത് വകയായിരുന്നതും 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം സർക്കാരിലേയ്ക്ക് വിട്ടു നൽകിയതുമായ കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ നരിപ്പറ്റ വില്ലേജിലെ തിനൂർ ദേശം റീസർവ്വെ 101/6-ൽപ്പെട്ട 0.8095 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം, ഗവ. ഐ.ടി.ഐ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ടി ഭൂമിയുടെ കൈവശാവകാശം 17.03.2020-ലെ സ.ഉ(കൈ)നം.105/2020/റവ പ്രകാരം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണത്തിനു പ്ലാൻ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | നരിപ്പറ്റ ഗവ. ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിനായുള്ള ശിപാർശ, എസ്റ്റിമേറ്റ് സഹിതം വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നമുറയ്ക്ക്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ